# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD 15/533/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 12/04/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD 15/533/2021 തീയ്യതി: 12/04/2021

# പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 17-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-03-2021 | 29-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-03-2021 | 29-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷർഫുദ്ദീൻ എസ് എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കൃഷ്ണദാസ് എൻ വി, ഓഡിറ്റർ
രഞ്ജിത്ത് ആർ, ഓഡിറ്റർ

രാജൻ കെ, ഓാഡിറ്റർ ട്രെയിനി

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇന്ദിര സി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| കിഷോർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ദിനേഷ് കെ | സെക്രട്ടറി | 25-04-2019 | 15-05-2019 |
| കിഷോർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-05-2019 | 26-05-2019 |
| ദിനേഷ് കെ | സെക്രട്ടറി | 27-05-2019 | 12-11-2019 |
| കിഷോർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-11-2019 | 28-11-2019 |
| ദിനേഷ് കെ | സെക്രട്ടറി | 29-11-2019 | 07-12-2019 |
| കിഷോർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-12-2019 | 12-01-2020 |
| ദിനേഷ് കെ | സെക്രട്ടറി | 13-01-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വസന്ത ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഉഷ എൻ ആർ | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| കുമാരി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശശികുമാർ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| മനോജ് എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.കെ.പി.മിനി | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.അഷറഫ് എസ് | മെഡിക്കൽ ഓഫീസർ- | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| കിഷോർ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.കെ.സ്.മണി | മെഡിക്കൽ ഓഫീസർ- പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ.ബിജി.വി.പി | മെഡിക്കൽ ഓഫീസർ- ആയുർവേദം | 16-07-2019 | 05-11-2019 |
| ഡോ.അരുണ.എൻ | മെഡിക്കൽ ഓഫീസർ- ആയുർവേദം | 06-11-2019 | 22-01-2020 |
| ഡോ. ഉഷാകുമാരി.പി.കെ | മെഡിക്കൽ ഓഫീസർ- ആയുർവേദം | 23-01-2020 | 31-03-2020 |
| അനൂപ്.പി.എ) | ക്ഷീര വികസന ഓഫീസർ | 01-04-2019 | 28-11-2019 |
| റമീസ് പി മുഹമ്മദ് | ക്ഷീര വികസന ഓഫീസർ | 29-11-2019 | 31-03-2020 |
| ഡോ.ടി.വി.സുവിജ | മെഡിക്കൽ ഓഫീസർ- ആയുർവേദം | 01-04-2019 | 15-07-2019 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K. Rajan (Auditor Trainee, On 02-04-2021)<br>Last Updated By: Krishnadas.N.V (Auditor, On 02-04-2021) | 1-1 |
| 2 | പദ്ധതി നിർദ്ദേശങ്ങൾ- രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 02-04-2021)<br>Last Updated By: Krishnadas.N.V (Auditor, On 02-04-2021) | 1-1-1 |
| 3 | പദ്ധതിയേതര നിർദ്ദേശങ്ങൾ-നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: K. Rajan (Auditor Trainee, On 02-04-2021)<br>Last Updated By: Krishnadas.N.V (Auditor, On 02-04-2021) | 1-1-2 |
| 4 | 2019-20 വർഷത്തെ ബജറ്റ്/ യഥാർത്ഥ വരവ്- ചെലവ്<br>Written By: K. Rajan (Auditor Trainee, On 02-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: K. Rajan (Auditor Trainee, On 25-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 25-03-2021) | 1-2 |
| 6 | സാമ്പത്തിക വിശകലനം<br>Written By: K. Rajan (Auditor Trainee, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 30-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Krishnadas.N.V (Auditor, On 31-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Krishnadas.N.V (Auditor, On 03-04-2021)<br>Last Updated By: Krishnadas.N.V (Auditor, On 03-04-2021) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: K. Rajan (Auditor Trainee, On 30-03-2021)<br>Last Updated By: K. Rajan (Auditor Trainee, On 30-03-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K. Rajan (Auditor Trainee, On 03-04-2021)<br>Last Updated By: K. Rajan (Auditor Trainee, On 03-04-2021) | 1-10 |
| 14 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: K. Rajan (Auditor Trainee, On 30-03-2021)<br>Last Updated By: K. Rajan (Auditor Trainee, On 30-03-2021) | 1-11 |
| 15 | ഗ്രാന്റ് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-12 |
| 16 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത<br>Written By: K. Rajan (Auditor Trainee, On 31-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-13 |
| 17 | തെറ്റായി വസ്തു നികുതി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം | 1-14 |

| | | |
|---|---|---|
| | Written By: K. Rajan (Auditor Trainee, On 31-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | |
| 18 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: K. Rajan (Auditor Trainee, On 31-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-15 |
| 19 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: K. Rajan (Auditor Trainee, On 31-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-16 |
| 20 | പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 31-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-17 |
| 21 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും- എല്ലാ മാസവും കൃത്യമായി നൽകിയില്ല<br>Written By: Ranjith. R (Auditor, On 31-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-18 |
| 22 | അംഗണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കേന്ദ്രവിഹിതം നീക്കിയിരിപ്പ് ഉപയോഗിക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 31-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-19 |
| 23 | ഭവന പുനരുദ്ധാരണം- ആദ്യഗഡു തുക കൈപ്പറ്റിയിട്ടും നിർമാണം ആരംഭിച്ചിട്ടില്ല<br>Written By: Ranjith. R (Auditor, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-20 |
| 24 | പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കിയില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 30-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-21 |
| 25 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രൊജക്ടുകൾ സംബന്ധിച്ച് പൊതുവായ വിവരങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 30-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-22 |
| 26 | അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ട് ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 30-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-23 |
| 27 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- അവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 30-03-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-24 |
| 28 | കന്നുകുട്ടി പരിപാലനപദ്ധതി- മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടരുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 02-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-25 |
| 29 | ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 02-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-26 |
| 30 | തെരുവ് നായ വന്ധ്യംകരണം പദ്ധതി- ലക്ഷ്യപ്രാപ്തി ഉറപ്പ് വരുത്തേണ്ടതാണ്.<br>Written By: Krishnadas.N.V (Auditor, On 02-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-27 |

| | | |
|---|---|---|
| 31 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കൽ- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല.<br>Written By: Krishnadas.N.V (Auditor, On 02-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-28 |
| 32 | ഡെപ്പോസിറ്റ് പ്രവർത്തി- അംഗൻവാഡി കെട്ടിട നിർമ്മാണം<br>Written By: Krishnadas.N.V (Auditor, On 02-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-29 |
| 33 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 02-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-30 |
| 34 | ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനം<br>Written By: Krishnadas.N.V (Auditor, On 02-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-31 |
| 35 | തൊഴിൽ രഹിത വേതന വിതരണം- അർഹതാ മാനദണ്ഡം ഉറപ്പു വരുത്തേണ്ടതാണ്.<br>Written By: Krishnadas.N.V (Auditor, On 02-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-32 |
| 36 | സാക്ഷരത തുല്യതാ പരീക്ഷ<br>Written By: Krishnadas.N.V (Auditor, On 02-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 03-04-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബജറ്റ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 21.02.2019 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26.03.2019 തീയതിയിലെ 2-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

### 1-1-1 പദ്ധതി നിർദ്ദേശങ്ങൾ- രേഖകൾ സൂക്ഷിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുമ്പും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. ബജറ്റ് ഫയൽ കൃത്യതയോടെ സൂക്ഷിക്കാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാ ബജറ്റ് രേഖകളും ഫയലിൽ സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 പദ്ധതിയേതര നിർദ്ദേശങ്ങൾ-നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബഡ്ജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15-ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനവരി 15-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനവരി 22-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് |

### 1-1-3 2019-20 വർഷത്തെ ബജറ്റ്/ യഥാർത്ഥ വരവ്- ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥരോട് പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതിന്റേയും ആയത് സമർപ്പിച്ചതിന്റേയും രേഖകൾ സൂക്ഷിച്ചിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റ് ചർച്ച ചെയ്തതിന്റേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയതിന്റേയും വിശദാംശങ്ങൾ അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ മാന്വൽ പ്രകാരമുള്ള സമയക്രമവും നടപടിക്രങ്ങളും പാലിച്ചിട്ടില്ല. പ്രസ്തുത കാരണത്താൽ തൻവർഷം

പ്രതീക്ഷിത വരവും ചെലവും യഥാർത്ഥത്തിലുള്ള വരവും ചെലവും തമ്മിൽ അന്തരമുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | യഥാർത്ഥത്തിലെ വരവ് ചെലവ് |
|---|---|---|
| മുൻ ബാക്കി | 8595040 | 14367401 |
| വരവ് | 271718667 | 88996173 |
| ആകെ | 280313707 | 103363574 |
| ചെലവ് | 270591667 | 88699181 |
| മിച്ചം | 9722040 | 14834443 |

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
2. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.
4. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തിൽ സെക്രട്ടറിയുടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## <u>1-2 വാർഷികധനകാര്യപത്രിക</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | | | |

## <u>1-3 സാമ്പത്തിക വിശകലനം</u>

| | |
|---|---|
| മുന്നിരിപ്പ് | 14367401 |
| വരവ് | 88996173 |
| ആകെ | 103363574 |
| ചെലവ് | 88529131 |
| നീക്കിയിരിപ്പ് | 14834443 |

## <u>1-4 ഫണ്ട് വിനിയോഗം</u>

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13772026 | 13772026 | 12438889 | 1333137 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 19724471 | 19724471 | 11708769 | 8015702 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | | 0 | 8504000 | 8504000 | 2402246 | 6101754 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4544000 | 4544000 | 2312253 | 2231747 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 12114987 | 12114987 | 7172850 | 4942137 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 22762630 | 22762630 | 22762630 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3332 | 1401911 | 1405243 | 1402922 | 2321 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ICDS | 1063284 | 849238 | 1912522 | 844548 | 1067974 |
| | TSC | 2179311 | 0 | 2179311 | 975080 | 1204231 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | സാക്ഷരത | 6 | 0 | 6 | 0 | 6 |
| | വിമുക്തി | 37200 | 0 | 37200 | 6385 | 30815 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 597414 | 4280335 | 4877749 | 3718713 | 1159036 |
| | ജില്ലാ പഞ്ചായത്ത് | 915756 | 1654568 | 2570324 | 2570324 | 0 |
| ബി ഫണ്ട് | | 0 | 246960 | 246960 | 246960 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7232937 | 8498954 | 15731891 | 4598051 | 11133840 |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 5850569 | 13665618 | 19516187 | 17173001 | 2343186 |

വാർഷിക ധനകാര്യ പത്രിക 2019-20 RP സ്റ്റേറ്റ്മെന്റ് പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ട് മുന്നിരിപ്പും, നീക്കിയിരിപ്പും ACR പ്രകാരമുള്ള മുന്നിരിപ്പും, നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്റ്റിനുവേണ്ടി വന്ന യഥാർത്ഥ വരവും ചെലവുമാണ് മേൽ പട്ടിക പ്രകാരം ചേർത്തിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 128273035 | 128 | 73416939 | 0 | 90 | 58.71 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 58.71% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 57.23% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 3 | 10736250 | 6736004 | |
| വെറ്ററിനറി സർജൻ | 4 | 4 | 1418000 | 634784 | |
| മെഡിക്കൽ ഓഫീസർ-PHC | 8 | 7 | 1009201 | 662139 | |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 2 | 1150000 | 923437 | |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 0 | 25000 | 0 | |
| വി.ഇ.ഒ | 15 | 12 | 59540242 | 37333278 | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 4972350 | 3914109 | |
| സെക്രട്ടറി | 20 | 12 | 6284602 | 4599731 | |
| അസിസ്റ്റന്റ് എഞ്ചിനിയർ | 133 | 64 | 34697522 | 12957934 | |
| അസി.സെക്രട്ടറി | 10 | 5 | 6019400 | 3486360 | |
| എച്ച്.എം | 9 | 9 | 1820468 | 1669163 | |
| ക്ഷീര വികസന ഓഫീസർ | 1 | 1 | 600000 | 500000 | |
| ആകെ | 218 | 128 | 128273035 | 73416939 | |

## <u>1-6 തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22762630 | 22762630 | 22762630 | 0 |
| ഭരണചെലവുകൾ | 3332 | 1401911 | 1405243 | 1402922 | 2321 |
| ആകെ | 3332 | 214164541 | 24167873 | 24165552 | 2321 |

## <u>1-7 ക്ഷേമ പദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66960 | 71 |
| കർഷകതൊഴിലാളി പെൻഷൻ | 3324600 | 958 |
| വിധവാപെൻഷൻ | 4486200 | 1270 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 6053400 | 1733 |
| വികലാംഗപെൻഷൻ | 1271700 | 363 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 300000 | 85 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.45 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19482രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്,

ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/ വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. അനൗൺസ്മെന്റ്, കാമ്പ് കലക്ഷൻ, ഫീൽഡ് കളക്ഷൻ, കുടുംബശ്രീ മുഖേന നോട്ടീസ് നൽകൽ നികുതികൾ എന്നീ മാർഗങ്ങൾ നികുതി പിരിച്ചെടുക്കുന്നതിൽ സ്വീകരിച്ചിട്ടുണ്ട്. 2018-19ൽ 100% പിരിവ് കൈവരിച്ചിട്ടുണ്ട്. ഇതിനായി ജീവനക്കാർ നടത്തിയ കൂട്ടായ ശ്രമം അഭിനന്ദനാർഹമാണ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ 31.3.2019 വരെ സൃഷ്ടിച്ച ആസ്തികൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ

ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

പഞ്ചായത്ത് കമ്മറ്റി മീറ്റിംഗിന് “ സകർമ്മ” യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചപ്പോൾ തയ്യാറാക്കി ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുന്നതിന് പകരം സമയപരിമിതിയുള്ളതിനാൽ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ വാങ്ങി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ തന്നെ ഭരണ സമിതി ഏൽപ്പിച്ചതാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ധനാപഹരണം നടത്താൻ കാരണമായത്. പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും സർക്കാർ മാർഗനിർദ്ദേശങ്ങളും പദ്ധതി നടത്തിപ്പിൽ പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06-02-2021 | 2020നവംബർ മുതൽ ജനുവരി 2021 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.04.2011 മുതൽ 16.04.2011 വരെ | 2006-07 മുതൽ 2010-11 വരെ | 18.05.2011 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഓഡിറ്റ് സാക്ഷ്യപത്രം റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-12 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13772026 | 13772026 | (*) 14512418 | 740392 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 19724471 | 19724471 | (**) 12032298 | 7692173 |
| മെയിന്റനൻസ്, റോഡ് | 0 | 8504000 | 8504000 | 2402246 | 6101754 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4544000 | 4544000 | 2312253 | 2231747 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12114987 | 12114987 | 7172850 | 4942137 |

(*) വികസന ഫണ്ട്-ജനറൽ വിഭാഗത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പ്രകാരമുള്ള ചെലവ് 12438889 രൂപയാണ്. ലൈഫ് മിഷന് വേണ്ടിയുള്ള വായ്പാ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതിരുന്നതിനാലാണ് വ്യത്യാസം ഉണ്ടായിട്ടുള്ളത്.

(**) വികസന ഫണ്ട്-എസ് സി പി വിഭാഗത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പ്രകാരമുള്ള ചെലവ് 11708769 രൂപയാണ്. ലൈഫ് മിഷനു വേണ്ടിയുള്ള വായ്പാ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതിരുന്നതിനാലാണ് വ്യത്യാസം ഉണ്ടായിട്ടുള്ളത്.

## 1-13 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത

പഞ്ചായത്ത് പ്രദേശത്തെ വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6 പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിക്കാത്തതിനാൽ വസ്തുനികുതി നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 40 രൂപയും, 100 ചതുരശ്ര മീറ്ററിൽ മുകളില് വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 50 രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 100 ചതുരശ്ര മീറ്ററിൽ മുകളിൽ വാണിജ്യ/ വ്യവസായ കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കി വരുന്നതിനാൽ നികുതി നഷ്ടം സംഭവിക്കുന്നതായി കണ്ടെത്തി. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്, കെട്ടിടനം, കെട്ടിട ഉടമസ്ഥൻ | തറ വിസ്തീർണം (ച.മീ) | നിലവിലെ നിർണ്ണയിക്കപ്പെട്ട വസ്തു നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി | കുറവ് (രൂ.) |
|---|---|---|---|---|---|
| 1 | 6/549, സുബ്രഹ്മണ്യൻ. എം, ചൈതന്യ വുഡ് വർക്ക്സ് | 113.23 ച.മീ | വസ്തു നികുതി- 4530 വഴി സൗകര്യം (20%)- 906 ആകെ- 5436 രൂപ | അടിസ്ഥാന വസ്തുനികുതി - 123.23x50 =5662 വർദ്ധനവ് 20% -1132 (വഴി സൗകര്യം) ആകെ വസ്തു നികുതി- 6794 രൂപ | 1358 |
| ആകെ | | | | | 1358 രൂപ |

2) ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി അപാകതകൾ പരിഹരിക്കേണ്ടതാണ്

100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള ഏതാനും വാണിജ്യ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയതെങ്കിലും പഴയനികുതി വളരെ കുറവായതിനാലും ചട്ടപ്രകാരം പുനർനിണയിക്കുമ്പോൾ വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്തിയിട്ടുള്ളതിനാലും വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവു വന്നിട്ടില്ലെങ്കിലും കെട്ടിടങ്ങളെ തറവിസ്തീർണത്തിന്

ആനുപാതകമായി ഉപയോഗക്രമം രേഖപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ഉടമസ്ഥൻ | തറ വിസ്തീർണം (ച.മീ) |
|---|---|---|---|
| 1 | 1/216 | ഗുലാം മുഹമ്മദ് | 200 |
| 2 | 4/398 | മുഹമ്മദ് റാഫി | 300 |
| 3 | 13/356 | മുദുവർണ്ണൻ | 150 |

കെട്ടിടങ്ങളെ ശരിയായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ച് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും. മറ്റ് ഏതെങ്കിലും കെട്ടിടങ്ങൾക്ക് മേൽ സൂചിപ്പിച്ച പ്രകാരം നികുതി തെറ്റായി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(മേൽ പറഞ്ഞവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് {04/26-03.2021} മറുപടിയായി ശ്രീ.സുബ്രഹ്മണ്യൻ.എം, ചൈതന്യ വുഡ് വർക്സ് എന്നവരുടെ കുറവായി ഈടാക്കിയ തുക 1358 രൂപ ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. രശീതി നം.[120010105451/26-3-2021,Rs.1430] )

<u>1-14 തെറ്റായി വസ്തു നികുതി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം</u>

21.10.2019 മുതൽ 17.03.2021 വരെയുള്ള കാലയളവിലെ പണം പിരിവ് കാര്യക്ഷമവും, നിയമത്തിലെയും ചട്ടത്തിലേയും നിർദ്ദേശങ്ങൾ പ്രകാരവുമാണോ എന്നും പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. രസീത ബുക്കുകൾ പ്രകാരമുള്ള പണം പിരിവ് പരിശോധിച്ചതിൽ മാന്വൽ രസീത് ബുക്ക് നമ്പർ- 11345 രസീത് നമ്പർ 38 പ്രകാരം 9/572 നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കിയിട്ടുള്ളത് യഥാർത്ഥത്തിൽ ഈടാക്കേണ്ടതിലും കുറവായാണ് ഈടാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>രസീത് പ്രകാരമുള്ള വിവരം</u>

രസീത് ബുക്ക് നമ്പർ- 11345

രസീത് നമ്പർ- 38

ഈടാക്കിയ നികുതി- 5597 രൂപ,

ലൈബ്രറി സെസ്സ്= 280 രൂപ

<u>സഞ്ചയ- ഫോറം 6 പ്രകാരമുള്ള വിവരം</u>

കെട്ടിട നമ്പർ- 9/572

കെട്ടിട ഉടമസ്ഥന്റെ പേര്- സുമതി, W/O ജീവ, വെമ്പല്ലൂർ

തറ വിസ്തീരണ്ണം- 116.6 ച.മീ

കെട്ടിടത്തിന്റെ ഉപയോഗക്രമം- വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ

യഥാർത്ഥത്തിൽ കെട്ടിടത്തനെ ഉൾപ്പെടുത്തേണ്ട ഉപയോഗക്രമം- വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവക്ക് ച.മീറ്ററിന് 40 രൂപയും, 100 ച.മീറ്ററിനു മുകളിൽ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവക്ക് ച.മീറ്ററിന് 50 രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച കെട്ടിടത്തെ സഞ്ചയ സോഫ്റ്റ് വെയറിൽ തെറ്റായി നികുതി നിർണ്ണയിച്ചതുവഴി നികുതി വരവിൽ നഷ്ടം സംഭവിച്ചിട്ടുള്ളതായി കണ്ടെത്തി.

<u>നിലവിലെ നിർണ്ണയിക്കപ്പെട്ട വസ്തു നികുതി</u>

വസ്തു നികുതി- 116.6 X40 = 4664 രൂപ

വർദ്ധനവ് (വഴി സൗകര്യം- 20%)- 933
ആകെ = 5597 രൂപ
ലൈബ്രറി സെസ്സ്= 280 രൂപ
ആകെ = 5877 രൂപ
യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തു നികുതി-
വസ്തു നികുതി- 116.6 X50 = 5830 രൂപ
വർദ്ധനവ് (വഴി സൗകര്യം- 20%)- 1166
ആകെ = 6996 രൂപ
ലൈബ്രറി സെസ്സ്= 350 രൂപ
ആകെ = 7346 രൂപ

തെറ്റായി നികുതി നിർണ്ണയിച്ചതുവഴിയുണ്ടായ നികുതി നഷ്ടം ലൈബ്രറി സെസ്സ് ഉൾപ്പടെ 1469 രൂപ (7346-5877) കെട്ടിട ഉടമസ്ഥനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/24-03-2021) മറുപടിയായി തെറ്റായി നികുതി നിർണ്ണയിച്ചതുമൂലം നഷ്ടമായ തുക (1469 രൂപ {രശീതി നം.120010105434/26-03-2021}) ശ്രീമതി.സുമതി W/O ജീവ അടവാക്കിയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ, തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ, വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

തൊഴിൽനികുതി റിട്ടേണുകളിൽ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തുന്നില്ല

ഗവ. ആയുർവേദ ആശുപത്രി, തേങ്കുറിശ്ശി സമർപ്പിച്ച തൊഴിൽനികുതി റിട്ടേണിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ നികുതി മാത്രം ചേർത്തിരിക്കുന്നതിനാൽ ഡിമാന്റിന്റ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

| ക്രമ നം | ജീവനക്കാരുടെ പേര്/ തസ്തിക | ഈടാക്കിയ നികുതി |
|---|---|---|
| 1 | ഷിബു ബാബു, സ്വീപ്പർ | 120 |
| 2 | അഞ്ജലി, ഫാർമസിസ്റ്റ് | 120 |

മേൽ ജീവനക്കാരുടെ 2019-20 രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതിയും ഈടാക്കിയതായി കാണുന്നില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 230/19-20 | എഎൻഎസ് എന്റർപ്രൈസസ്, | 6 |

| | | | |
|---|---|---|---|
| | | തില്ലങ്കാട് | |
| 2 | 244/19-20 | കെസിഎ ഓയിൽ മിൽ, മാഹാളികുടം | 2 |
| 3 | 195/19-20 | സൺറൈസ് ഇന്റീരിയർ ഡിസൈനേഴ്സ്, വാക്കോട് | 3 |
| 4 | 197/19-20 | വിജയ് എഞ്ചിനീയറിംഗ് വർക്ക്സ് | 4 |
| 5 | 170/19-20 | അവിട്ടം ഇന്റസ്ട്രീസ് | 3 |
| 6 | 206/19-20 | എൻറിച്ച് ഫുഡ്സ്, മാഹാളികുടം. | 3 |
| 7 | 212/19-20 | അറോറ ഗാർമെന്റ്സ് | 4 |
| 8 | 128/19-20 | കെകെ ഫുഡ്സ്, ചിതലി | 7 |

തൊഴിൽ നികുതി ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.
(മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/26-03-2021) മറുപടി ലഭ്യമാക്കിയില്ല.)

## 1-16 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

2019-20 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ബാംബൂ കോർപ്പറേഷന് അനുവദിച്ചിട്ടുള്ള 10/70-എ നമ്പർ കെട്ടിടത്തിന്റെ വായകയിനത്തിൽ മുൻവർഷത്തെ കുടിശ്ശിക 57372/- രൂപയും തൻവർഷ കുടിശ്ശിക 48624/- രൂപയുമുൾപ്പെടെ ആകെ 105996/-രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്.
2. മറ്റ് കടമുറികളുടെ വാടകയിനത്തിൽ തൻവർഷ കുടിശ്ശികയായി 42947/- രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

ആകെ കുടിശ്ശിക 148943/- രൂപ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണെന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/25.03.2021) മറുപടിയായി ബാംബൂ കോർപ്പറേഷന് എതിരെ റവന്യൂ റിക്കവറി നടപടികളും, മറ്റു കടമുറികൾക്ക് വാടക ലഭിക്കുന്നതിന് ഡിമാന്റ് നോട്ടീസും അയച്ചിട്ടുണ്ട് എന്നുമാണ് അറിയിച്ചത്.
വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന, ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമായ രോഗികളെ കണ്ടെത്തി അവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇതിനായി സ.ഉ.(പി)നം.109/2008/ആ.കു.ക്ഷേ.വ തീയതി 15.04.2008 പ്രകാരം പാലിയേറ്റീവ് പരിചരണ നയം സർക്കാർ രൂപീകരിക്കുകയും ആയതിനായുള്ള മാർഗ്ഗരേഖ 2009-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പാലിയേറ്റീവ് പരിചരണ പദ്ധതി നിർബന്ധിത പദ്ധതിയാക്കിക്കൊണ്ട് 2012-ലും വിദഗ്ദ പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി 2015-ലും പ്രസ്തുത മാർഗ്ഗരേഖ പരിഷ്കരിക്കുകയുണ്ടായി. ഉയർന്ന ആയുർദൈർഘ്യം,

ജീവിത ശൈലിയിൽ വന്ന മാറ്റങ്ങൾ എന്നിവ കാരണം ദീർഘകാല രോഗങ്ങളുടേയും മാറാരോഗങ്ങളുടേയും വാർദ്ധക്യ സഹജമായ രോഗങ്ങളുടേയും തോത് വർദ്ധിച്ചതിനാൽ മുൻ മാർഗ്ഗരേഖയിൽ കാലോചിത മാറ്റങ്ങൾ വരുത്തി 07-03-2019-ലെ സ.ഉ(സാധാ)നം.553/2019/ തസ്വഭവ പ്രകാരം ആയത് വീണ്ടും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2019-20-ൽ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയുടെയും പ്രവർത്തനങ്ങളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക വിനിയോഗം | | |
|---|---|---|---|---|
| | | ഫണ്ടിനം | അടങ്കൽ (₹) | ചെലവ് (₹) |
| 97/20, സാന്ത്വന പരിചരണ ചികിത്സാ പദ്ധതി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പ്ലാൻ ഫണ്ട് -ജനറൽ | 565000 | 396140 |
| 164/20, സാന്ത്വന പരിചരണ ചികിത്സാ പദ്ധതി (SO) | | പ്ലാൻ ഫണ്ട് -ജനറൽ | 71801 | 71600 |

1. പഞ്ചായത്ത് തല പ്രവർത്തനങ്ങൾ

മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ഗൃഹകേന്ദ്രീകൃത പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രോഗികളുടെ വിവരങ്ങളടങ്ങുന്ന നോമിനൽ രജിസ്റ്റർ, ഫോളോ അപ്പ് രജിസ്റ്റർ, സന്ദർശന വിവരങ്ങളടങ്ങുന്ന രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. രോഗികൾക്ക് ആവശ്യമായ പരിചരണ സാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്. ഹോം കെയർ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള പരിശീലനവും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ രോഗികളുടേയും കുടുംബാംഗങ്ങളുടേയും ഒത്തുചേരലുകൾ നടത്തിയിട്ടില്ല. ആയുർവേദ ഡോക്ടറുടെ സേവനം രോഗികൾക്ക് ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷാവസാനത്തെ രോഗികളുടെ സ്ഥിതി വിവര കണക്ക് താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| രജിസ്റ്റർ ചെയ്ത ആകെ രോഗികൾ | 374 |
| രജിസ്റ്റർ ചെയ്ത രോഗികളിൽ മരണപ്പെട്ടവർ | 206 |
| രോഗം ഭേദമായവർ /ചികിത്സ നിർത്തിയവർ | 8 |
| 2019-20 അവസാനം ആകെ രോഗികൾ | 160 |
| തുടർ പരിചരണം ആവശ്യമുള്ള രോഗികൾ | 108 |
| ഒ.പി യിൽ ചികിത്സ തേടുന്നവർ | 41 |
| സെക്കന്ററി കെയർ ഉള്ളവർ | 8 |
| 60 വയസ്സിന് മുകളിലുള്ള രോഗികൾ | 71 |

2. വാർഡ് /സബ്സെന്റർ തല പ്രവർത്തനങ്ങൾ

ദീർഘകാല പരിചരണം ആവശ്യമായി വരുന്ന രോഗികളെ ആശാ വർക്കർമാരുടേയും മറ്റ് സന്നദ്ധ പ്രവർത്തകരുടേയും നേതൃത്വത്തിൽ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും രോഗികൾക്ക് പൂർണ്ണ മാനസിക ശാരീരിക പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി

സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ വാർഡ് തലത്തിൽ രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. വാർഡ് സമിതികൾ രൂപീകരിക്കുകയോ അവലോകന യോഗങ്ങൾ ചേരുകയോ ചെയ്തിട്ടില്ല. സബ്ബ് സെന്റർ തലത്തിലും യോഗങ്ങൾ ചേരുകയോ മറ്റ് പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

3. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പിഎംസി) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. എന്നാൽ 2019-20 വർഷാരംഭത്തിൽ പിഎംസി പുനസംഘടിപ്പിച്ചിട്ടില്ല. 2019-20 വർഷം 29.03.2019 തീയതിയിൽ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

4. ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ

ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും അവലോകന യോഗങ്ങൾ കൂടേണ്ടതാണ്. ഈ യോഗത്തിൽ അലോപ്പതി, ആയുഷ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ ഉൾപ്പെടെ വിവിധ ആരോഗ്യ പദ്ധതികൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനം എന്നിവ അവലോകനം ചെയ്യേണ്ടതാണ്. ആയതിന് സ.ഉ(സാധാ)519/2019/തസ്വഭവ തീയതി 07.03.2019 പ്രകാരം മാർഗ്ഗരേഖയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അവലോകന യോഗങ്ങളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ മാത്രമാണ് ചർച്ചയായിട്ടുള്ളത്. എല്ലാ മാസവും യോഗങ്ങൾ ചേരേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

5. വിഭവ സമാഹരണം

ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടത്തുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പണമായോ സാധന സാമഗ്രികളായോ സംഭാവന സ്വീകരിക്കുന്നതിന് രശീതി തയ്യാറാക്കുകയോ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയോ ചെയ്തിട്ടില്ല.

6. മോണിട്ടറിംഗ്

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവരുടെ യോഗങ്ങളിൽ ഒരു അജണ്ടയായ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ ചർച്ച ചെയ്യണമെന്നും ഭരണ സമിതി വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും അതിനനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല.

മേൽ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.18/26.03.2021 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശങ്ങൾ

1. സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ വാർഡ് തലത്തിൽ രൂപീകരിക്കേണ്ടതും വാർഡ്/ സബ്ബ് സെന്റർ തലത്തിൽ യോഗങ്ങൾ ചേരുകയും മറ്റ് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്.
2. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി പുനസംഘടിപ്പിക്കേണ്ടതും കൃത്യമായ ഇടവേളകളിൽ യോഗം ചേരേണ്ടതും പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്.
3. എല്ലാ മാസവും ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ ചേരേണ്ടതാണ്.
4. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വിഭവ സമാഹരണം ഊർജ്ജിതമാക്കേണ്ടതും പദ്ധതിയുടെ മോണിട്ടറിംഗ് ശക്തമാക്കേണ്ടതുമാണ്.

## 1-18 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും-എല്ലാ മാസവും കൃത്യമായി നൽകിയില്ല

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ ഡിഎ1/19/2019/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹതപ്പെട്ട എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകാൻ അതത് ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ മതിയായ തുക മാറ്റിവയ്ക്കേണ്ടതാണെന്നും ആയത് ICDS/CDPO മാർ ഉറപ്പാക്കേണ്ടതുമാണെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷം ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ/പേര് | വിഭാഗം | അടങ്കൽ | ചെലവ് |
|---|---|---|---|
| 31/19-20 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | വികസനഫണ്ട് (പൊതുവിഭാഗം) | 200000 | 200000 |
| | തനത് ഫണ്ട് | 200000 | 199700 |
| | ബ്ലോക്ക് പഞ്ചായത്ത് | 300000 | 262000 |
| | ജില്ലാ പഞ്ചായത്ത് | 300000 | 0 |

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് 04/2019 മുതൽ 11/2019 വരെ മാത്രമാണ് സ്കോളർഷിപ്പ്/ബത്ത അനുവദിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് വിഹിതം 300000/- രൂപ ചെലവഴിച്ചിട്ടില്ല. ആവശ്യമായ വകയിരുത്തൽ ഉണ്ടായിട്ടും അർഹതപ്പെട്ട എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 13/25.03.2021 -ന് ജില്ലാ പഞ്ചായത്ത് വിഹിതം അലോട്ട് ചെയ്തത് അറിയാതെ പോയതുകൊണ്ടാണ് 300000/- രൂപ ചെലവഴിക്കാനാവാതെ പോയതെന്നും ടി തുകയും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലെ ബാക്കിവന്ന തുകയും ചേർത്ത് 2020-21 വർഷം സ്പിൽ ഓവർ പ്രോജക്റ്റ് ആക്കിയിട്ടുണ്ടെന്നും റിക്വിസിഷൻ നൽകിയിട്ടുണ്ടെന്നും തുക ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണെന്നും ഐസിഡിഎസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്.

അർഹതപ്പെട്ട എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-19 അംഗണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കേന്ദ്രവിഹിതം നീക്കിയിരിപ്പ് ഉപയോഗിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാകുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും,

അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച് ഐസിഡിഎസ് സൂപ്പർവൈസർ സമർപ്പിച്ച റിപ്പോർട്ടിലെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതീക സാഹചര്യം | അംഗൻവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 2 |
| 2 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 1 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 3 |
| 4 | ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവ | 2 |
| 5 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 2 |

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് അനുസരിച്ച് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-4) ഐ.സി.ഡി.എസ് -നുള്ള കേന്ദ്ര വിഹിതം 10,67,974/- രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.13/25.03.2021)

## 1-20 ഭവന പുനരുദ്ധാരണം- ആദ്യഗഡു തുക കൈപ്പറ്റിയിട്ടും നിർമാണം ആരംഭിച്ചിട്ടില്ല

നിർവഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നം. : 141/20 ഭവന പുനരുദ്ധാരണം (ജനറൽ)

അടങ്കൽ : 1980000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 1140000

മേൽ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽപെടുന്ന ഗുണഭോക്താക്കൾക്ക് വീടുകളുടെ മേൽക്കൂര മാറ്റിവയ്ക്കുന്നതിനായി 30000/- രൂപ 2 ഗഡുക്കളായി നൽകാനാണ് ലക്ഷ്യമിട്ടത്. താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു 15000/- രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ നിർമാണപ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

| ക്രമ നം | പേരും വിലാസവും | തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | സ്വാമിനാഥൻ S/O പള്ളിച്ചാമി, തെക്കുംപുറം (HO), വെമ്പല്ലൂർ | 15000 | 17/27.12.2019 |
| 2 | മാധവി W/O അപ്പു, പൂത്തകോട്, മഞ്ഞളൂർ | 15000 | 21/17.02.2020 |
| 3 | ശങ്കരൻ S/O പൊന്നുക്കുട്ടൻ, കൊറവൻകാട്, മാനാംകുളമ്പ് | 15000 | 48/30.03.2020 |
| 4 | ചാമുണ്ണി S/O മുത്തു, കോരങ്ങോട്, തേങ്കുറിശ്ശി | 15000 | 49/30.03.2020 |

മേൽ ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.24/27.03.2021)

## 1-21 പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കിയില്ല

29-01-2018 ലെ സർക്കാർ ഉത്തരവിലെ (നമ്പർ (കൈ)11/2018/തസ്വഭവ) ഖണ്ഡിക 6.7 പ്രകാരം ആസ്തി സംരക്ഷണം സംബന്ധിച്ച് ചുവടെപരാമർശിക്കും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

എ)മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

ബി) സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലെ ആസ്തി മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലാവരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

സി) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സേവന നിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഓ സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യണം.

ഇതിലേക്കായി ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

രേഖകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 14/25-03-2021) വരും വർഷങ്ങളിൽ ആസ്തി സംരക്ഷണത്തിന് പദ്ധതി തയ്യാറാക്കി ജനകീയാസൂത്രണ പദ്ധതികൾക്ക് അംഗീകാരം വാങ്ങുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ആസ്തി സംരക്ഷണം സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രൊജക്ടുകൾ സംബന്ധിച്ച് പൊതുവായ വിവരങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെയും പൂർത്തിയാക്കി ബിൽ തുക നൽകിയതിന്റെയും ചെലവഴിച്ച തുകയുടെയും വിശദവിവങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടുകളുടെ വിശദാംശങ്ങൾ | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചതിന്റെ എണ്ണം | 27 | 106 | 133 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചതിന്റെ എണ്ണം | 17 | 47 | 64 |

06.02.2020 ന് ശേഷം ട്രഷറിയിൽ സമർപ്പിച്ച ₹ 11734846/- മൂല്യമുള്ള 38 ബില്ലുകൾ ക്യൂ ബിൽ ആയി 2020-21ൽ മാറിയിട്ടുണ്ട്.

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 1315000 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 7114000 | 3322551 | 46.11 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 10558155 | 5483653 | 51.93 |
| തനത് ഫണ്ട് | 1619367 | 654614 | 40.42 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 10169000 | 2402246 | 23.62 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3922000 | 1094870 | 27.91 |
| ആകെ | 34697522 | 12957934 | 37.36 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 48.12%പൂർത്തീകരിച്ച് ബിൽ തുക മാറിയിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 37.36% മാത്രമാണ് ചെലവഴിക്കാനായത്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തൻവർഷം സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളിൽ ₹.21739588/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

31.3.2020 വരെ ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പുതുക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

കുറവ് തുക ചെലവഴിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (11/25-03-2021)ക്ക് മറുപടിയായി വരുന്ന വർഷങ്ങളിൽ പരമാവധി തുക ചെലവഴിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## <u>1-23 അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ട് ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.</u>

I)ഗ്രാമ പഞ്ചായത്ത് ഓഫീസിലോ എഞ്ചിനീയറിങ് വിഭാഗത്തിലോ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള റോഡുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം ഇവയും തയ്യാറാക്കേണ്ടതുണ്ട്. തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം ഇവ തയ്യാറാക്കിയിട്ടില്ല.

ഖണ്ഡിക 7.13(5)ൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിലുള്ള റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം ഇവ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

Ii) സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(12)ൽ ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരണ്ടിയോടു കൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ശ്രമം നടത്തിയിട്ടില്ല. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ പറഞ്ഞ രജിസ്റ്ററുകളും അനുബന്ധ രേഖകളും തയ്യാറാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി പഞ്ചയാത്ത് ഭരണ സമിതിയിൽ ആവശ്യമുന്നയിക്കുകയും കഴിവതും വേഗം ആയത് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ് എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.12/25-03-2021) നൽകിയത്.

## 1-24 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2019-20 വർഷത്തെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | വിശദാംശം | 2019-20 വർഷം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4415 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4415 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 2245 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 14,70,54,000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 457 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 372 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 38 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 24167873 |
| 9 | തൻവർഷത്തെ ചെലവ് | 24165552 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2021 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2021 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 20 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 38 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | കിണർ -22<br>കൊക്കർണി-13 |

ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 16.43% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. 4415കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ 2021 കുടുംബങ്ങൾക്ക് മാത്രമാണ് തൊഴിൽ നൽകാൻ കഴിഞ്ഞത്. തൊഴിൽ നൽകാൻ സാധിച്ചത് 45.78% ന് മാത്രമാണ്. 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളൾ 20 എണ്ണം മാത്രമാണ് ആയത് രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് നൽകിയ കുടുംബങ്ങളുടെ 0.45% മാത്രമാണ്.

<u>1-25 കന്നുകുട്ടി പരിപാലനപദ്ധതി- മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്</u>

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി കന്നുകുട്ടി പരിപാലനപദ്ധതി എന്ന പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരവും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരവും ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പ്രൊജക്ട് രേഖകൾ, ഭരണസമിതി മിനുട്സ്, കാലിത്തീറ്റ വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

<u>എ) പ്രൊജക്ട് വിവരം</u>

പ്രൊജക്ടിന്റെ പേര്- കന്നുകുട്ടി പരിപാലനപദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ
പ്രൊജക്ട് നമ്പർ- 21/2020
അടങ്കൽ തുക-6,25,000 രൂപ
(വികസന ഫണ്ട്- ജനറൽ- 1,56,250 രൂപ, സംസ്ഥാനാവിഷ്കൃത ഫണ്ട്- 1,56,250 രൂപ, ഗുണഭോക്തൃ വിഹിതം- 3,12,500)
ചെലവ്- 1,56,250 രൂപ
(വികസന ഫണ്ട്- ജനറൽ- 1,56,250 രൂപ, സംസ്ഥാനാവിഷ്കൃത ഫണ്ട്- ലഭ്യമായില്ല, ഗുണഭോക്തൃ വിഹിതം- 1,56,250 രൂപ)
ബിൽ നമ്പർ, തിയതി, തുക- 2/11.10.2019, 1,56,250 രൂപ

<u>ബി) പരിശോധനയിൽ കണ്ടെത്തിയ വിഷയങ്ങൾ</u>

1) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഭരണസമിതിയുടെ 17.07.2019 ലെ 1(4), 18.09.2019 ലെ 2(4) എന്നീ തീരുമാന പ്രകാരം 25 ഗുണഭോക്കളെ തിരഞ്ഞെടുക്കുകയും, കാലിത്തീറ്റ വിതരണത്തിനായി തേങ്കുറിശ്ശി ക്ഷീര സഹകരണ സംഘത്തിനെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വകയിരുത്തിയ (കന്നുകുട്ടിക്ക് 6250 രൂപവീതം) 1,56,250 രൂപ മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ (കന്നുകുട്ടി പരിപാലന പദ്ധതി) ട്രഷറി അക്കൗണ്ടിലേക്ക് (A/C No. 714021400000008) കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം തുക ചെലവഴിക്കുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ. രാമചന്ദ്രൻ, ഇടപ്പറമ്പ് എന്ന ഗുണഭോക്താവിന്റെ കന്നുകുട്ടി മരണപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്.
കന്നുകുട്ടിയുടെ ഇനം, നമ്പർ- സി.ബി, 420041/903305
സബ്സിഡി അനുവദിച്ച കാലയളവ്- 2019 നവംബർ മുതൽ മെയ് 2020 വരെ
അനുവദിക്കാവുന്ന സബ്സിഡി തുക- 12500 രൂപ (ഗ്രാമ പഞ്ചായത്ത് വിഹിതം- 6250+ സംസ്ഥാനാവിഷ്കൃത ഫണ്ട്- 6250)

അനുവദിച്ച സബ്സിഡി തുക- 4396 രൂപ (ഗ്രാമ പഞ്ചായത്ത് വിഹിതം- 2198+ സംസ്ഥാനാവിഷ്കൃത ഫണ്ട്- 2198)

പ്രസ്തുത കന്നുകുട്ടി മരണപ്പെട്ടതിനാൽ മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടരുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയായ 8104 രൂപയിൽ (12500- 4396) ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ 4052 രൂപ (6250- 2198)കന്നുകുട്ടി മരണപ്പെട്ടതിനാൽ മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടരുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയായ 8104 രൂപയിൽ (12500- 4396) ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ 4052 രൂപ (6250- 2198) മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടരുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും, മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടരുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം. 3/22.03.2021)

## ഓഡിറ്റ് നിർദ്ദേശം

1) കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറുടെ അക്കൗണ്ടിലേക്ക് നൽകിയ 1,56,250 രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2) സി.ബി- 420041/903305 നമ്പർ കന്നുകുട്ടി മരണപ്പെട്ടതിനാൽ ഗ്രാമപഞ്ചായത്ത് കന്നുകുട്ടി പരിപാലന പദ്ധതി വിഹിതമായി നൽകിയ 4052 രൂപ മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടരുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 1-26 ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ദനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ദുരിതാശ്വാസ നിധി രൂപീകരിക്കാത്തതിനാൽ സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നല്ലാതെ മറ്റൊരു ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാകുന്നതിനുള്ള സാഹചര്യം ഇല്ലാതായി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

(ഓഡിറ്റ് അന്വേഷണം നമ്പർ- 7/24.03.2021)

ഓഡിറ്റ് നിർദ്ദേശം

1) ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഇതോടൊപ്പം തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

2) ദുരിതാശ്വാസ നിധി രൂപീകരിക്കുന്ന വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 തെരുവ് നായ വന്ധ്യംകരണം പദ്ധതി- ലക്ഷ്യപ്രാപ്തി ഉറപ്പ് വരുത്തേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ- 110/20-തെരുവ് നായ വന്ധ്യംകരണം പദ്ധതി (എ.ബി.സി പ്രോഗ്രാം)
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
അടങ്കൽ- 3,50,000(വികസന ഫണ്ട് -ജനറൽ)
ചെലവ് -3,50,000(വികസന ഫണ്ട്-ജനറൽ)
ബിൽ നമ്പർ- 7/19-20/ 20.8.2019-₹.3,50,000

തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായ ₹.3,50,000 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൈമാറിയിയിട്ടുണ്ട്. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാ പഞ്ചായത്ത് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തിലെ 233 നായ്ക്കളെയെങ്കിലും വന്ധ്യംകരിക്കേണ്ടതാണ്. തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം, പ്രസ്തുത പദ്ധതിയിലൂടെ നായക്കളെ വന്ധ്യംകരിച്ചതിന്റെ വിവരം എന്നിവ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി തുടർന്ന് വരുകയാണെന്നും തുക വിനിയോഗ വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
(ഓഡിറ്റ് അന്വേഷണം നമ്പർ- 8/24.03.2021)

ഓഡിറ്റ് നിർദ്ദേശം

എ.ബി.സി പ്രോഗ്രാം അനുസരിച്ചുള്ള ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കൽ- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല.

സ.ഉ(അച്ചടി)നം. 115/2019/ധന. തിയതി. 26.08.2019 പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും 2019 ലെ ഓണം അഡ്വാൻസായി 15000 രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ സുനിത. കെ (ക്ലർക്ക്) എന്ന ജീവനക്കാരിയ്ക്ക് ഫെസ്റ്റിവൽ അഡ്വാൻസായി 15000 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ബിൽ നമ്പർ- 421/30.08.2019
വൗച്ചർ നമ്പർ- 21900440/30.08.2019

മേൽ ഉത്തരവ് പ്രകാരം അഡ്വാൻസ് തുക ജീവനക്കാരുടെ ശമ്പളവും ബത്തകളും മാറി നൽകുന്ന ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്യാവുന്നതും 5 തുല്യമാസ ഗഡുക്കളായി 2019 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ജീവനക്കാരി കൈപ്പറ്റിയ തുക തിരികെ ഒടുക്കേണ്ട കാലാവധി കഴിഞ്ഞിട്ടും ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കണ്ടെത്തി.

നാളിതുവരെയും തുക തിരികെ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനെ തുടർന്ന് 29.03.2021 ലെ 12001090005 ാം നമ്പർ രശീത് പ്രകാരം അടവാക്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. രശീതിന്റെ പകർപ്പ് മറുപടിയോടൊപ്പം ഹാജരാക്കുന്നു എന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നമ്പർ- 16/26.03.2021)

ഓഡിറ്റ് നിർദ്ദേശം

1) തുക തിരികെ ഈടാക്കിയതിന്റെ രശീത് ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
2) സർക്കാർ നിർദ്ദേശ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ്, ഫെസ്റ്റിവൽ അലവൻസ് എന്നിവ അനുവദിക്കുന്നതിലും തിരികെ ഈടാക്കുന്നതിലും സർക്കാർ നിർദ്ദേശ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ഡെപ്പോസിറ്റ് പ്രവർത്തി- അംഗൻവാഡി കെട്ടിട നിർമ്മാണം

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്- ഡെപ്പോസിറ്റ് വിത്ത് പി.ഡബ്ല്യു.ഡി എന്ന ശീർഷകത്തിൽ 31.03.2020 തിയതിയിൽ 2,80,000 രൂപ ക്രമീകരിക്കാത്തതായി കണ്ടെത്തി. പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ 158-ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചെള്ളിമാർത്തറ അംഗൻവാടി കെട്ടിടം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ്- പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

പ്രൊജക്ട് വിവരം

പ്രൊജക്ട് നമ്പർ – 252/19
പ്രൊജക്ടിന്റെ പേര്- ചെള്ളിമാർത്തറ അംഗൻവാടി കെട്ടിടം
അടങ്കൽ തുക- 5,80,000 രൂപ( വികസന ഫണ്ട്- എസ്.സി.പി- 3,00,000 രൂപ + തനത് ഫണ്ട്- 2,80,000 രൂപ)
ചെലവ്- 5,80,000 രൂപ
ട്രഷറി ബിൽ നമ്പർ/തിയതി, തുക- 61/22.03.19, 3,00,000 രൂപ
വൗച്ചർ നമ്പർ/തിയതി, ചെക്ക് നമ്പർ/തിയതി, തുക- 21801313/18.03.19, 2606642/18.03.19, 2,80,000 രൂപ

സാമൂഹ്യനീതി ഡയറക്ടറുടെ 18.03.2017, 14.08.2017 എന്നീ തിയതികളിലെ ICDS. A7-3187/16 നമ്പർ ഉത്തരവും പരിപത്രവും പ്രകാരം തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ 158-ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ച് ഉത്തരവായിട്ടുള്ളതും, പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ നടപ്പാക്കണമെന്നും, അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാണ ചെലവായ 14.5 ലക്ഷം രൂപയുടെ 60% തുക (8.7 ലക്ഷം) സംസ്ഥാന സർക്കാരും ബാക്കി 40% തുക (5.8 ലക്ഷം) തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കാനും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ടി അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം ഇറിഗേഷൻ ഡിവിഷൻ, മലമ്പുഴ എക്സിക്യൂട്ടീവ് എൻജിനീയറുടെ 13.12.2018 തിയതിയിലെ എ2/662/2016 നമ്പർ കത്ത് പ്രകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവർത്തി

പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ, ധനവിനിയോഗ സാക്ഷ്യപത്രം, നിലവിലെ സ്ഥിതി എന്നിവ രേഖാമൂലം ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അംഗനവാടി കെട്ടിട നിർമ്മാണം നിലവിൽ പൂർത്തിയാക്കിയിട്ടില്ല, നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
(ഓഡിറ്റ് അന്വേഷണം നമ്പർ- 17/26.03.2021)

<u>ഓഡിറ്റ് നിർദ്ദേശം</u>

1) കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനും പ്രസ്തുത കെട്ടിടത്തിൽ അംഗൻവാടിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2) കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയതിന്റെ വിശദാംശങ്ങൾ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## <u>1-30 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്</u>

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ വർഷവും EMD, Security Deposit, Other Deposits തുടങ്ങിയ ഇനങ്ങളിൽ ലഭിക്കുന്ന തുകകളിൽ മൂന്നുവർഷ കാലാവധി കഴിഞ്ഞിട്ടും ക്ലെയിം ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ ഉണ്ടെങ്കിൽ ആയത് കേരള ഫിനാൻഷ്യൽ കോഡ് Vol.1 Art.282(1) അനുസരിച്ച് തനത്ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം (പേജ് നം.57) അവശേഷിക്കുന്ന തുകകളിൽ 2006-07 മുതൽ 2016-17 വരെയുള്ള കാലയളവുകളിൽ നിക്ഷേപിച്ചിട്ടുള്ളതും ക്ലയിം ചെയ്യാത്തതുമായ 195424 രൂപ അവശേഷിക്കുന്നതായി കണ്ടെത്തി. ടി തുക തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
(ഓഡിറ്റ് അന്വേഷണം നമ്പർ- 9/24.03.2021)

<u>ഓഡിറ്റ് നിർദ്ദേശം</u>

1) EMD, Security Deposit, Other Deposits തുടങ്ങിയ ഇനങ്ങളിൽ 2006-07 മുതൽ 2016-17 വരെയുള്ള കാലയളവുകളിൽ നിക്ഷേപിച്ചിട്ടുള്ളതും ക്ലയിം ചെയ്യാത്തതുമായ 195424 രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2) ഡെപ്പോസിറ്റ് രജിസ്റ്റർ ഹെഡ് വൈസ് ആയി ഓരോ ഇനത്തിനും പ്രത്യേകം പേജ് അനുവദിച്ചുകൊണ്ട് മുന്നിരിപ്പ്, വരവ്, ക്രമീകരിച്ച തുക, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തി സാമ്പത്തിക വർഷാവസാനം ആയതിന്റെ സംക്ഷിപ്തം വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.
2) തുടർ വർഷങ്ങളിൽ പ്രസ്തുത ഇനങ്ങളിലെ ക്ലെയിം ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ മൂന്നുവർഷ കാലാവധി പൂർത്തിയാകുന്നമുറയ്ക്ക് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-31 ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനം</u>

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ

കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്ജ്

തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ എണ്ണം കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഓരോ ഇനം ലാമ്പുകളുടേയും എണ്ണത്തിനും കൃത്യമായ കണക്കില്ല. 2019-20 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 7,20,905 രൂപ (വാർഷിക ധനകാര്യ പത്രിക പ്രകാരം) ചെലവഴിച്ചിട്ടുണ്ട്. പ്രതിമാസം ശരാശരി 60,000 രൂപയാണ് മൂന്ന് സെക്ഷനുകളും ഉൾപ്പടെ വൈദ്യുതി ചാർജിനത്തിലെ ചെലവ്.

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയ തെരുവ് വിളക്കുകളുടെ വിവരം

പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾ ഭാഗികമായി മീറ്ററിംഗ് സംവിധാനത്തിന് കീഴിലാക്കിയിട്ടുണ്ട്. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയ 60 കൺസ്യൂമർ നമ്പറുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെ.എസ്.ഇ.ബി സെക്ഷൻ | കൺസ്യൂമർ നമ്പറുകളുടെ എണ്ണം |
|---|---|---|
| 1 | കുനിശ്ശേരി | 14 |
| 2 | കൊടുവായൂർ | 45 |
| 3 | കുഴൽമന്ദം | 1 |
| ആകെ | | 60 |

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവ് വിളക്കുകളുടെ വിവരം

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവ് വിളക്കുകളുടെ എണ്ണവും, തരവും അനുസരിച്ച് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നുള്ള ഡിമാന്റിന്റെ അടിസ്ഥാനത്തിലാണ് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നത്. ഇലക്ട്രിക്കൽ സെക്ഷനുകളിലെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തെരുവ് വിളക്കുകളുടെ (മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടാല്ലാത്തത്) വിവരം ചുവടെ ചേർക്കുന്നു.

| കെ.എസ്.ഇ.ബി സെക്ഷൻ | കൊടുവായൂർ | കുനിശ്ശേരി | കുഴൽമന്ദം |
|---|---|---|---|
| സി. എഫ്. എൽ ലാമ്പ് | 22 | 157 | 79 |
| എൽ .ഇ.ഡി | 38 | 51 | 0 |
| സോഡിയം വേപ്പർ ലാമ്പ് | 0 | 1 | 2 |
| മെർക്കുറി വേപ്പർ ലാമ്പ് | 0 | 2 | 0 |
| ഓർഡിനറി ലാമ്പ് | 0 | 2 | 2 |
| ഫ്ലൂറസെന്റ് ട്യൂബ് (ഡബിൾ) | 12 | 26 | 17 |

അൺ മീറ്റേർഡ്- വൈദ്യുതി ചാർജ്

തേങ്കുറിശ്ശി ഗ്രാമഞ്ചായത്തിലെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവ് വിളക്കുകളുടെ പ്രതിമാസ ശരാശരി വൈദ്യുതി ചാർജ് 25200 രൂപയാണ്. പ്രതിവർഷം 3 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവ് വരുന്നുണ്ട്.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്( 2019-20) = 7,20,905 രൂപ

അൺ മീറ്റേർഡ്- വൈദ്യുതി ചാർജ് = 3,03,192 രൂപ (25266 X 12 മാസം)
മീറ്റേർഡ്- വൈദ്യുതി ചാർജ് = 4,17,713 രൂപ

| ക്രമ നം | കെ.എസ്.ഇ.ബി സെക്ഷൻ | പ്രതിമാസ ശരാശരി അൺ മീറ്റേർഡ്- വൈദ്യുതി ചാർജ് |
|---|---|---|
| 1 | കുനിശ്ശേരി | 14322 |
| 2 | കൊടുവായൂർ | 4550 |
| 3 | കുഴൽമന്ദം | 6394 |
| ആകെ | | 25266 |

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവു വിളക്കുകളെ കൂടി മീറ്ററിന് കീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ തുടർ പദ്ധതികളൊന്നും ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല. എല്ലാ ലാമ്പുകളേയും മീറ്ററിന് കീഴിൽ കൊണ്ടുവന്നാൽ ഉപയോഗിക്കാത്ത ലാമ്പുകൾക്ക് കൂടി ചാർജ്ജ് ഒടുക്കുന്നത് ഒഴിവാക്കാവുന്നതാണ്.

ബി) തെരുവ് വിളക്കുകളുടെ പരിപാലനം

തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തൻവർഷം 4 പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും 2 പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ നമ്പരും പേരും | ബിൽ നമ്പർ & തീയതി | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 7/20- തെരുവ് വിളക്കുകളുടെ മെയിന്റനൻസ് (ധനകാര്യ കമ്മിഷൻ ഗ്രാന്റ്- 268720+ തനത് ഫണ്ട്- 31280) | - | 0 |
| 2 | 8/20- തെരുവ് വിളക്കിന് സാധനസാമഗ്രികൾ വാങ്ങൽ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്- 480000) | - | 0 |
| 3 | 162/20- തെരുവ് വിളക്കുകളുടെ മെയിന്റനൻസ്- സ്പിൽ ഓവർ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്- 250000) | 5/10.07.19 | 249999 |
| 4 | 163/20 സമ്പൂർണ്ണ തെരുവ് വിളക്ക് ബന്ധിത ഗ്രാമം- ഒന്നാം ഘട്ടം- സ്പിൽ ഓവർ (തനത് ഫണ്ട്- 300000) | വൗച്ചർ നമ്പർ 2190058 /25.09.19 | 163999 |

സി. വാർഷിക അറ്റകുറ്റപ്പണികൾ

ലാമ്പുകൾ വാങ്ങുന്നതിനും തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കുമായാണ് മേൽ പദ്ധതികൾ പ്രകാരം ചെലവഴിച്ചിട്ടുള്ളത്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഏജൻസീസ്, കൊല്ലം എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങളുടെ സമാഹരണം നടത്തിയിട്ടുള്ളത്.

അറ്റകുറ്റപ്പണികൾക്കായി വാങ്ങിയ സാധനങ്ങളുടെ വിവിരം

| ക്രമ | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം | | | | |
| 1 | എൽ. ഇ.ഡി- 15 W | 750 | 182 | 136500 |
| 2 | പെൻഡെന്റ് ഹോൾഡർ | 350 | 18 | 6298 |
| 3 | ബൾബ് ഷെയ്ഡ്-മെറ്റൽ | 500 | 40 | 20001 |
| 4 | ഇൻസുലേഷൻ ടേപ്പ് | 120 | 10 | 1200 |
| ആകെ | | 1720 | | 163999 |

നിലവിൽ ആകെ 572 സി. എഫ.എൽ ലാമ്പുകൾ, 99 ട്യൂബ് സെറ്റുകളും മാറ്റി സ്ഥാപിച്ചതായി കരാറുകാരൻ സമർപ്പിച്ച ബില്ലുകളിൽ നിന്നും വ്യക്തമാണ്. സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷത്തിൽ എൽ. ഇ.ഡി- 770 ലാമ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ലാമ്പുകളുടെ വാറണ്ടി തുടങ്ങിയ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിൽ വാങ്ങി സ്ഥാപിച്ചതും വാറണ്ടി നിലനിൽക്കുന്നതുമായ തെരുവു വിളക്കുകളും മാറ്റി സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള യാതൊരു സംവിധാനവും നിലവിലില്ല. കരാറുകാരന്റെ ബില്ലും മെമ്പർമാരുടെ സാക്ഷ്യപത്രവും അനുസരിച്ചാണ് തുക അനുവദിക്കുന്നത്. കൃത്യമായ പരിശോധനയില്ലാതെ അറ്റകുറ്റപ്പണികൾക്കുള്ള തുക നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. കൃത്യമായ കണക്കുകൾ അടിസ്ഥാനമാക്കി വാറണ്ടി ഉള്ള ലാമ്പുകളെ ഒഴിവാക്കി ബാക്കിയുള്ള ലാമ്പുകളുടെ മാത്രം അറ്റകുപ്പണികൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുടർ വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
(ഓഡിറ്റ് അന്വേഷണം നമ്പർ- 21/27.03.2021)

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1) കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ തിട്ടപ്പെടുത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

2) എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) ഗ്രാമപഞ്ചായത്തിലെ ഊർജ്ജ ഉപഭോഗം കൂടുതലുള്ള എല്ലാ ലാമ്പുകൾക്കും പകരം ഊർജ്ജ ഉപഭോഗം കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

4) എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

5) വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകളുടെ റിപ്പയർ വാർഷിക അറ്റകുറ്റപ്പണികളിൽ നടത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

6) തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) നിലാവ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

1-32 തൊഴിൽ രഹിത വേതന വിതരണം- അർഹതാ മാനദണ്ഡം ഉറപ്പു വരുത്തേണ്ടതാണ്.

2019-20 വർഷത്തിൽ വിതരണം ചെയ്ത തൊഴിൽരഹിത വേതനം നൽകിയിട്ടുള്ളത് നിലവിലുള്ള ചട്ടത്തിനും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായാണോ എന്നും അർഹതാ മാനദണ്ഡങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

എ) തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ, 1998
2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്
3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.
4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്

മേൽ ചട്ടങ്ങൾ പ്രകാരം 'വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷ പാസായവരും വാർഷിക കുടുംബ വരുമാനം 12000 രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരും' ആയ വ്യക്തികളാണ് തൊഴിൽ രഹിത വേതനത്തിന് അർഹനായിട്ടുള്ളത്.

ഓഡിറ്റ് വർഷത്തിൽ 71 പേർക്കാണ് തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുള്ളത്. പിൻവലിച്ച തുക, ചെലവഴിച്ച തുക, കൈപ്പറ്റിയവരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ട്രഷറി ബിൽ നം./തിയ്യതി | 11/31.08.19 |
| പിൻവലിച്ച തുക | 83520 |
| യഥാർത്ഥത്തിൽ ചെലവഴിച്ച തുക | 66960 |
| വിതരണം ചെയ്യാതെ തിരിച്ചടച്ച തുക | 16560 |
| തിരിച്ചടച്ച തുകയുടെ ട്രഷറി ചെലാൻ നമ്പർ | KL006946057201920M തിയതി- 06.09.19 |
| വേതനം കൈപ്പറ്റിയവരുടെ എണ്ണം | 71 |

ബി) വേതനം കൈപ്പറ്റുന്നവരുടെ അർഹത ഉറപ്പു വരുത്തിയില്ല

2019-20 വർഷത്തിൽ ഒന്നാം ഘട്ടത്തിൽ (2018 ഡിസംബർ മുതൽ 2019 ജൂലൈ വരെയുള്ള 8 മാസങ്ങളിലെ) 71 പേർക്ക് 66960 രൂപ വിതരണം ചെയ്തതിൽ ആരുടേയും വരുമാനം ഉറപ്പു വരുത്തിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രണ്ടാം ഘട്ടത്തിൽ (2019 ഓഗസ്റ്റ് മുതൽ 2020 ജനുവരി വരെയുള്ള 6 മാസങ്ങളിലെ) തൊഴിൽ രഹിത വേതനത്തിനുള്ള അപേക്ഷ സമർപ്പിച്ചപ്പോൾ വരുമാന സർട്ടിഫിക്കറ്റുകൾ പ്രകാരം അനർഹരാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് രണ്ടാം ഗഡു പ്രാകരമുള്ള വേതനം നൽകിയില്ല. ഒന്നാം ഘട്ടത്തിൽ തുക വിതരണം ചെയ്യുന്നതിനു മുമ്പായി അർഹത വിലയിരുത്തുന്നതിനുള്ള സാധ്യത ഉണ്ടായിട്ടും സെക്ഷനും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. വരുമാന സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ തൊഴിൽ രഹിത വേതനം അനുവദിച്ചത് ശരിയായ നടപടിയല്ല.

സി) ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടിയിരുന്ന നടപടികൾ

1. 1998ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 6(l) – അപേക്ഷകന്റെ വരുമാനം

നിശ്ചയിക്കുന്നത് തദ്ദേശ ഭരണാധികാരികളാണ്. യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.

2. 1998ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 4(I) – അനർഹരാണെന്ന ബോധ്യപ്പെടുന്ന പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുക, നിയമനങ്ങളിൽ നിരോധനം ഏർപ്പെടുത്തുക, തൊഴിൽ രഹിത വേതനം നിർത്തലാക്കുക, അനർഹമായി കൈപ്പറ്റിയ തുക പിഴ സഹിതം തിരിച്ച് പിടിക്കുക എന്നീ നടപടികൾക്ക് വിധേയനാക്കേണ്ടതാണ്. അനർഹമായി കൈപ്പറ്റിയ തുക തിരിച്ച് നൽകാത്തവരുടെ കേസിൽ ആ തുക ജില്ലാ കളക്ടർ മുഖേന റവന്യൂ റിക്കവറി നടപടിക്രമം പാലിച്ച് ഈടാക്കുന്നതിന് തദ്ദേശഭരണ അധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

<u>ഡി) 2020 – 21 വർഷത്തിൽ സ്വീകരിച്ച നടപടികൾ ശ്ലാഘനീയം</u>

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24.07.2020 ലെ തീരുമാനം നം.2(1) പ്രകാരം 2019-20 രണ്ടാം ഗഡു വിതരണത്തിന് ഗുണഭോക്താക്കളുടെ വ്യക്തിഗത വരുമാനം പരിശോധിച്ചതിൽ വരുമാന പരിധി പ്രകാരവും മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അനർഹരായവരുടെയും, 3 തവണ കത്ത് നൽകിയിട്ടും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതും ഉൾപ്പെടെയുള്ള ആകെ 74 പേരുടെയും തൊഴിൽ രഹിത വേതനം റദ്ദ് ചെയ്യുന്നതിന് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്.
മേൽ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൊഴിൽ രഹിത വേതനം- ഒന്നാം ഘട്ട അലോട്ട്മെന്റ് ട്രഷറിയിൽ അടിയന്തിര സാഹചര്യത്തിൽ സമർപ്പിക്കേണ്ടി വന്നതിനാലാണ് വരുമാന സർട്ടിഫിക്കറ്റ് പ്രകാരമുള്ള അർഹത വിലയിരുത്തുന്നതിന് സാധിക്കാതെ വന്നത്. ആയത് രണ്ടാം ഘട്ട അലോട്ട്മെന്റിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ-22/27.03.2021)

<u>ഇ) ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1) തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് 1998 ലെ തൊഴിൽ രഹിത വേതന ചട്ടങ്ങൾ, നിലവിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
2) 1998 ലെ തൊഴിൽ രഹിത വേതന ചട്ടപ്രകാരം നിശ്ചയിക്കപ്പെട്ട വരുമാന പരിധിയുൾപ്പെടെയുള്ള അർഹതാമാനദണ്ഡങ്ങളാണ് നിലനിൽക്കുന്നത് എന്നതിനാൽ അർഹതാ മാനദണ്ഡങ്ങളിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തൽ, തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവരെ ഉചിതമെന്ന് തോന്നുന്നപക്ഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ സംരഭങ്ങളിൽ ഉപയോഗപ്രദമായ രീതിയിൽ പങ്കാളികളാക്കുന്നതിനുള്ള സാധ്യത തുടങ്ങിയ നിർദ്ദേശങ്ങൾ ഉചിതമാർഗ്ഗേന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരാവുന്നതാണ്.

<u>1-33 സാക്ഷരത തുല്യതാ പരീക്ഷ</u>

തേഞ്ഞിപ്പലം പഞ്ചായത്തിൽ തുടർ വിദ്യാഭ്യാസം ആവശ്യമുള്ളതും പഞ്ചയാത്തിൽ പേര് രജിസ്റ്റർ ചെയ്തതുമായ പഠിതാക്കൾക്ക് എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി തുല്യതാ പരീക്ഷാ കോഴ്സ് ഫീസ് നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതി പ്രകാരം 10ാം തരം തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത 3 പഠിതാക്കൾക്കും ഹയർ സെക്കന്ററി കോഴ്സിലേക്ക് രജിസ്റ്റർ ചെയ്ത 17 പഠിതാക്കൾക്കുമായി ആകെ 20 പഠിതാക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

എ) പ്രൊജക്റ്റ് വിവരം

പ്രൊജക്റ്റ് നമ്പർ : 149/2019-20
നിർവഹണ ഉദ്യോഗസ്ഥൻ- ഹെഡ്മിസ്ട്രസ്സ്
പ്രൊജക്റ്റിന്റെ പേര് : തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ
അടങ്കൽ തുക : 50000 രൂപ ( വികസന ഫണ്ട് ജനറൽ= 30000 രൂപ, തനത് ഫണ്ട് = 20000 രൂപ)
ചെലവ് തുക : 42650 രൂപ ( വികസന ഫണ്ട് ജനറൽ= 22850 രൂപ, തനത് ഫണ്ട് = 19800 രൂപ)
ബിൽ നമ്പർ, തിയതി, തുക : 17/2019-20, 05.02.2020, 22850 രൂപ
തനത് ഫണ്ട് ചെക്ക് നമ്പർ, തിയതി, തുക : 5613864, 20.03.2020, 19800 രൂപ

ബി) പരിശോധനയിൽ കണ്ടെത്തിയ വിഷയങ്ങൾ

1) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സാക്ഷരതാ പ്രേരക് നൽകിയ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭകളിൽ നിക്ഷിപ്തമാണെന്നിരിക്കേ, ഗ്രാമസഭകളറിയാതെ ഗുണഭോക്താക്കളെ തീരുമാനിക്കുന്നത് ശരിയായ നടപടിയല്ല. ആസൂത്രണ പ്രക്രിയയിൽ ഓരോ കമ്മിറ്റികൾക്കുമുള്ള ഉത്തരവാദിത്തങ്ങൾ അവ നിർവ്വഹിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും പരിശോധിച്ച് ഉറപ്പുവരുത്താത്തത് കൊണ്ടാണ് ഇത്തരം അപാകതകൾക്ക് കാരണമാകുന്നത്. പഠിതാക്കളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമല്ല.

2) 10 ാം തരം തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത 3 പഠിതാക്കളുടെ ഫീസ് തുകയായ 5250 രൂപ ( 3x1750) സാക്ഷരതാ മിഷന്റെ 57026996123 നമ്പർ അക്കൗണ്ടിലേക്കും ഹയർ സെക്കന്ററി ക്ലാസ്സിലേക്ക് രജിസ്റ്റർ ചെയ്ത 17 പഠിതാക്കളുടെ ഫീസ് തുകയായ 37400 രൂപ (17x2200) സാക്ഷരതാ മിഷന്റെ 02880100113107 എന്ന അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ പഠിതാക്കളുടെ ക്ലാസ്സുകളിലെ ഹാജർ സംബന്ധിച്ച രേഖകൾ, പരീക്ഷയ്ക്ക് ഹാജരായിട്ടുള്ളത് സംബന്ധിച്ച രേഖകൾ (ഹാൾ ടിക്കറ്റ് ഉൾപ്പെടെ) കോഴ്സ് പൂർത്തീകരണം സംബന്ധിച്ച രേഖകൾ എന്നിവ ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഭരണസമിതിയുടെ സാധൂകരണം ലഭ്യമാക്കുന്നതാണെന്നും മതിയായ രേഖകൾ കോഴ്സ് പൂർത്തികരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
(ഓഡിറ്റ് അന്വേഷണം നമ്പർ- 2/20.03.2021)

സി) ഓഡിറ്റ് നിർദ്ദേശം

1) പഠിതാക്കളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരം, ക്ലാസ്സുകളിലെ ഹാജർ സംബന്ധിച്ച രേഖകൾ, പരീക്ഷയ്ക്ക് ഹാജരായിട്ടുള്ളത് സംബന്ധിച്ച രേഖകൾ (ഹാൾ ടിക്കറ്റ് ഉൾപ്പെടെ) കോഴ്സ് പൂർത്തീകരണം സംബന്ധിച്ച രേഖകൾ എന്നിവ ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
2) തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1477515 | 138/20ലൈഫ് ഭവന പദ്ധതി-ജനറൽ | 1165699 | 311816 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 809220 | 139/20ലൈഫ് ഭവന പദ്ധതി-SCP | 0 | 809220 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 497681 | 202/20ലൈഫ് ഭവന പദ്ധതി-SCP (Spill Over) | 497681 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 99733 | 204/20ലൈഫ് ഭവന പദ്ധതി-ജനറൽ (Spill Over) | 99733 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | 153/20, ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1493600 | 109/20, നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 1493600 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | 31/20, ഭിന്നശേഷി ഉള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 262000 | 38000 |
| ആകെ | | 4877749 | | 3718713 | 1159036 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 1631004 | 138/20ലൈഫ് ഭവന പദ്ധതി-ജനറൽ | 1631004 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 915756 | 202/20ലൈഫ് ഭവന പദ്ധതി-SCP (Spill Over) | 915756 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 23564 | 204/20ലൈഫ് ഭവന പദ്ധതി-ജനറൽ (Spill Over) | 23564 | 0 |

ജോയിന്റ് വെഞ്ചർ ട്രഷറി അക്കൗണ്ടിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം മുന്നിരിപ്പ് 1144654 രൂപയും നിക്കിയിരിപ്പ് 1155739 രൂപയും ആണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം മുന്നിരിപ്പ് 1536734 രൂപയും നിക്കിയിരിപ്പ് 1159036 രൂപയും ആണ്. ആയതിന്റെ വിശദ വിവരം ലഭ്യമായില്ല. റസീപ്റ്റ് അന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-31 പ്രകാരം ജോയിന്റ് വെഞ്ചർ പ്രോജക്റ്റുകൾക്കുള്ള ജില്ലാ പഞ്ചയത്ത്, ബ്ലോക്ക് പഞ്ചായത്ത് വരവുകളും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവുകളും തമ്മിൽ വ്യത്യാസമുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 203/20, പട്ടികജാതി കോളനികളിൽ വൈദ്യുത ലൈൻ നീട്ടൽ | 2606692 /25-09-2019 | 54000 | 0 | 54000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10300000 രൂപ വരവുണ്ട്. മുൻബാക്കി 21415819 രൂപയടക്കം 31715819 രൂപയിൽ 31715819 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ-ഭവന നിർമ്മാണം | ലഭ്യമാ യില്ല | 21415819 (2018-19) | 0 | | 0 | 29278761 |
| | | 10300000 (2019-20) | 21415819 | 2437058 | 0 | |
| ആകെ | | 31715819 | | 2437058 | 0 | 29278761 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-7 | 2000 | ശ്രീ. വിജയൻ, ജീപ്പ് ഡ്രൈവർ | 119030900002 /13-04-2019 |

## 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-1 | 2014-15 | 4.1.13 | തൊഴിൽസേനക്കായി നൽകിയ കാർഷിക ഉപകരണങ്ങൾ ഉപയോഗമില്ലാതെ വിവിധ ഇടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 3-3 | 2016-17 | 9.3.2 | ജലവിതരണവും സാമ്പത്തിക ബാധ്യതയും | ഭാഗികമായി സംയുക്ത പരിശോധന പൂർത്തിയാക്കി |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 103363574 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 88529131 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| | | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി 7/276/98/ 24.09.1998 | 14 | റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി-891/98/ 1.11.2005 | 1 | പുനരഭിപ്രായം |
| 1998-99 | എൽ.എഫ്.പി-12-929/02 / 7.10.2002 | 8 | പുനരഭിപ്രായം |
| 1999-2000 | എൽ.എഫ്.പി12-929 /2002/7.10.2002 | | സർചാർജ്ജ് നടപടി |
| 2000-01 | എൽ.എഫ്.പി 13/14/ 2005/26.10.2005 | 4 | പുനരഭിപ്രായം |
| 2001-02 | എൽ.എഫ്.പി 13/106/2005/7.8.16 | 2 | പുനരഭിപ്രായം |
| 2002-03 | എൽ.എഫ്.പി15/932/2005/7.08.16 | 2 | പുനരഭിപ്രായം |
| 2003-04 | എൽ.എഫ്.പി15/1710/2008/8.9.18 | 6 | പുനരഭിപ്രായം |
| 2004-05 | എൽ.എഫ്.പി-15/361/2011/5.3.11 | 4 | പുനരഭിപ്രായം |
| 2005-06 | എൽ.എഫ്.പി-15/1921/2015/14.01.16 | 1 | പുനരഭിപ്രായം |
| 2006-07 | എൽ.എഫ്.പി15-1250 /2011/8.8.11 | | പുനരഭിപ്രായം |
| 2007-08 | എൽ.എഫ്.പി 15/1921/2015/14.01.16 | 2 | സാധൂകരണം |
| 2008-09 | എൽ.എഫ്.പി 15/1208/2014 /8.8.14 | 3 | കത്ത് |
| 2009-10 | എൽ.എഫ്.പി-15/ 121/2014/29.03.2014 | 1 | ശുദ്ധിപത്രം |
| 2010-11 | എൽ.എഫ്.പി-15/1533/2015/10.09.2015 | 2 | സർചാർജ്ജ് നടപടി |
| 2011-12 | എൽ.എഫ്.പി-15/1941/2014/17.11.2014 | 2 | പുനരഭിപ്രായം |
| 2012-13 | എൽ.എഫ്.പി-15-1026/2015/5.03.16 | 4 | പുനരഭിപ്രായം |

| | | | |
|---|---|---|---|
| 2013-14<br>2014-15 | കെ.എസ്.എ<br>പി.കെ.ഡി15/364/16/29.3.16 | 15 | പുനരഭിപ്രായം |
| 2015-16 | കെ.എസ്.എ പി.കെ.ഡി15/<br>123/17/27.01.17 | 2 | പുനരഭിപ്രായം |
| 2016-17 | കെ.എസ്.എ പി.കെ.<br>ഡി15/1345/17/26.07.17 | 4 | പുനരഭിപ്രായം |
| 2017-18 | കെ.എസ്.എ പി.കെ. ഡി15/ | | പുനരഭിപ്രായം |
| 2018-19 | കെ.എസ്.എ പി.കെ.<br>ഡി15/93/2020/12-05-2020 | | പുനരഭിപ്രായം |

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം

## വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം

| | | | |
|---|---|---|---|
| | Thenkurissi Grama Panchayat RECEIPT&PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14271498.54 |
| Cash | Cash | RP-40(a) | 95903.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 712110.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 350140.00 |
| 150000000 | Sale & Hire Charges | RP-5 | 256434.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48892269.00 |
| 171000000 | Interest Earned | RP-9 | 304986.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 23454833.00 |
| 350000000 | Other Liabilities | RP-36 | 198349.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 61650.00 |
| 330000000 | Secured Loans | RP-32 | 10300000.00 |
| 340000000 | Deposits Received | RP-34 | 361919.00 |
| 350000000 | Other Liabilities | RP-36 | 199645.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2901226.00 |
| 460000000 | Loans, Advances and Deposits | RP-47 | 1002612.00 |
| | Grand total | | 103363574.54 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3071006.00 |
| 220000000 | Administrative Expenses | RP-12 | 939502.00 |
| 230000000 | Operations & Maintenance | RP-13 | 2676239.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6743750.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23321783.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1884731.00 |
| 253000000 | Decentralised Plan | RP-18 | 657545.00 |

| | | | |
|---|---|---|---|
| | Programme-Projects not included in Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 246960.00 |

| | | | |
|---|---|---|---|
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 8385136.00 |
| 280000000 | Prior Period item | RP-26 | 138090.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18089949.00 |
| 350000000 | Other Liabilities | RP-36 | 5085126.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3282.00 |
| 330000000 | Secured Loans | RP-32 | 40000.00 |
| 340000000 | Deposits Received | RP-34 | 245716.00 |
| 350000000 | Other Liabilities | RP-36 | 1601312.00 |
| 410000000 | Fixed Assets | RP-38 | 3311140.00 |
| 412000000 | Capital work in Progress | RP-40 | 48613.00 |
| 440000000 | Pre-paid Expenses | RP-45 | 10300000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1739251.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14834443.54 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 103363574.54 |

Digitally signed by Secretary

Deputy Director, KSAD

| | | | |
|---|---|---|---|
| Thenkurissi Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3419140.00 |
| 130000000 | Rental Income from Panchayat / Municipal Property | I-3 | 316556.00 |

| | | | |
|---|---|---|---|
| | Properties | | |
| 140000000 | Fee & User Charges | I-4(b) | 561475.00 |
| 150000000 | Sale & Hire Charges | I-5(b) | 256434.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 92314082.00 |
| 171000000 | Interest Earned | I-8 | 304986.00 |
| 180000000 | Other Income | I-9 | 61650.00 |
| | Total Income | | 97234323.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9742000.00 |
| 220000000 | Administrative Expenses | I-11(b) | 939502.00 |
| 230000000 | Operations & Maintenance | I-12(b) | 2840238.00 |
| 240000000 | Interest & Finance Charges | I-13 | 3282.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6763550.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 48711671.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1884731.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 657545.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 15382860.00 |
| 255000000 | Maintenance Projects | I-14(e) | 8385136.00 |
| 272000000 | Depreciation | I-17(a) | 59423.00 |
| | Total Expenditure | | 95369938.00 |
| | Gross Surplus/ Deficit of income over Expenditure | | 1864385.00 |
| 280000000 | Prior Period Item | I-18 | 138090.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 301726295.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Digitally signed by Secretary

Deputy Director, KSAD

Thenkurissi Grama

| | | | |
|---|---|---|---|
| | Panchayat BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 33354727.50 |
| 312000000 | Reserves | B-3 | 73334130.00 |
| | Total Reserve & Surplus | | 106688857.50 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3890021.54 |
| | Total Grants, Contributions for Specific Purposes | | 3890021.54 |
| | Loans | | |
| 330000000 | Secured Loans | B-5 | 29278761.00 |
| | Total Loans | | 29278761.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 607298.00 |
| 350000000 | Other Liabilities | B-9 | 924952.50 |
| | Total Current Liabilities and Provisions | | 1532250.50 |
| | TOTAL LIABILITIES | | 141389890.54 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 93027175.00 |
| 411000000 | Accumulated Depreciation | B-11 | -276724.00 |
| 412000000 | Capital Work in Progress | B-11(a) | 2723144.00 |
| | Total Fixed Assets | | 95473595.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 385556.00 |
| 431000000 | Sundry Debtors (Receivables) | B-15 | 162969.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 29278761.00 |
| 450000000 | Cash and Bank Balance | B-17 | 14834443.54 |
| 460000000 | Loans, Advances and Deposits | B-18 | 1254566.00 |
| | Total Current Assets, Loans and Advances | | 45916295.54 |
| | Total Current Assets, Loans and Advances | | 0.0 |
| | | | |

| | | |
|---|---|---|
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 141389890.54 |

Digitally signed by Secretary

Deputy Director, KSAD